താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

61 (106)ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് 1997 ജനുവരി 1 മുതൽ 1998 ആഗസ്റ്റ് 14 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം സുർണ്ണജൂബിലി വർഷം തന്നെയായ 1998 ഡിസംബർ 31 വരെയുള്ള താല്ക്കാലിക നിയമനം ലഭിച്ച വികലാംഗർക്കു കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലും, ക്ഷേമനിധി ബോർഡു ളിലും, വിവിധ കോർപ്പറേഷനുകളിലും ആയി താൽക്കാലിക നിയമനം ലഭിച്ച വികലാംഗർക്കും കൂടി ഈ ആനുകൂല്യം ബാധകമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണിക്കാൻ നിർവാഹമില്ല.

(ബി) ഇത്തരം സ്ഥാപനങ്ങളിൽ 1.1.1997 മുതൽ 14.8.1998 വരെ താല്ക്കാലിക സർവീസിലുണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് അതാത് സ്ഥാപനങ്ങൾക്ക് വ്യക്തമായ തീരുമാനം കൈക്കൊള്ളുവാൻ പെർമിസ്സിവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

സെക്രട്ടറിയേറ്റിലെ പാർക്കിംഗ് സൗകര്യം

62 (108) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ വേണ്ടത്ര സൗകര്യമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുവേണ്ടി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുമോ;

(സി) ജീവനക്കാരുടെ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലത്ത് അന്യവാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്രട്ടേറിയറ്റിന്റെ പിന്നിലെ സ്കൂട്ടർ ഷെഡ് വിപുലീകരി ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് ആവശ്യമായ നിയന്ത്രണം ഇപ്പോൾ തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly